"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29.10.2023

# വിജിലൻസ് ബോധവത്കരണ വാരാചരണം നാളെ മുതൽ

ഈ വർഷത്തെ വിജിലൻസ് ബോധവത്കരണ വാരാചരണം ഒക്ടോബർ 30 തീയതി മുതൽ നവംബർ 5 തീയതി വരെ സംസ്ഥാനത്ത് വിവിധ പരിപാടികളോടെ നടത്തുന്നതാണെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ബോധവത്കരണ വാരാചരണം 2023-ന്റെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 30 തിയതി തിങ്കളാഴ്ച വൈകിട്ട് 4:30 മണിക്ക് വിജിലൻസ് ആസ്ഥാനത്തുള്ള "കബനി" ഹാളിൽ വച്ച് ബഹു: സംസ്ഥാന പോലീസ് മേധാവിയും ഡി.ജി.പി യുമായ ഡോ: ഷെയ്ക്ക് ദർവേഷ് സാഹെബ് ഐ.പി.എസ് നിർവഹിക്കുന്നതാകുന്നു. വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ ഐ.പി.എസ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിന് വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ഹർഷിത അത്തല്ലൂരി ഐ.പി.എസ് സ്വാഗതവും, വിജിലൻസ് അഡിഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ. കെ. ഡി. ബാബു, വിജിലൻസ് തെക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ആർ. ജയശങ്കർ ഐ.പി.എസ് എന്നിവർ ആശംസകൾ സമർപ്പിക്കുന്നതും, വിജിലൻസ് ഇന്റലിജൻസ് പോലീസ് സൂപ്രണ്ട് ശ്രീ. ഇ. എസ്. ബിജുമോൻ നന്ദിയും പ്രകാശിപ്പിക്കുന്നതുമാണ്.

ഈ വർഷത്തെ ബോധവത്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ, കോളേജുകൾ, സർക്കാർ ഓഫീസുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും സംസ്ഥാനമൊട്ടാകെ വിജിലൻസ് സംഘടിപ്പിച്ചിട്ടുണ്ട്.

വിജിലൻസ് ബോധവത്കരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം നവംബർ 4 തീയതി ശനിയാഴ്ച വൈകിട്ട് 4:30 മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സിംഫനി ഹാളിൽ വച്ച് ബഹു: സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നതുമാകുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.